# SSLC EXAMINATION, MARCH - 2020

## MALAYALAM

First Language - Paper II

Time : 1½ Hours Total Score : **40**

**പൊതു നിർദ്ദേശങ്ങൾ :**

- ആദ്യത്തെ പതിനഞ്ച് മിനിറ്റ് സമാശ്വാസ സമയമാണ്. ചോദ്യങ്ങൾ വായിക്കാനും ഉത്തരങ്ങൾ ക്രമപ്പെടുത്തുവാനും ഈ സമയം ഉപയോഗിക്കേണ്ടതാണ്.
- ചോദ്യങ്ങളും നിർദ്ദേശങ്ങളും ശ്രദ്ധാപൂർവ്വം വായിച്ച് ഉത്തരമെഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

---

**1 മുതൽ 5 വരെ ചോദ്യങ്ങളിൽ 4 എണ്ണത്തിന് ഉത്തരമെഴുതുക.** **4x1=4**

1. ആ ദിവസം കോരന്റെ ജീവിതത്തിലെ ഒരു സ്മരണീയദിവസമായിരുന്നു. അവന്റെ ഒരു ദിവസത്തെ കൂലിയിലെ കടം അന്ന് അവൻ വീട്ടിക്കഴിഞ്ഞു. (പ്ലാവിലക്കഞ്ഞി)

   അടിവരയിട്ട പ്രയോഗം സൂചിപ്പിക്കുന്നത് എന്ത് ?

   - അവകാശങ്ങളെക്കുറിച്ചുള്ള അവബോധം.
   - പുത്രൻ എന്ന നിലയിൽ കടമ നിർവഹിച്ചതിന്റെ സംതൃപ്തി.
   - കർഷകത്തൊഴിലാളി എന്ന നിലയിലുള്ള ചുമതലയുടെ പൂർണത.
   - പ്രതിഷേധിക്കാൻ കഴിഞ്ഞു എന്നതിലെ ചാരിതാർഥ്യം.

2. കന്നിനെല്ലിന് വേലികെട്ടാൻ സമയമായി

   കന്നിനെല്ല് എന്ന പദത്തിന്റെ ശരിയായ വിഗ്രഹരൂപം ഏത് ?

   - കന്നിയാലുള്ള നെല്ല്
   - കന്നിയുടെ നെല്ല്
   - കന്നിയിലെ നെല്ല്
   - കന്നി എന്ന നെല്ല്

3. 'അല്ലായ്കിലുണ്ടോ തേനൂറുന്ന കവിത രചിക്കാൻ അവർക്കു കഴിയുന്നു!' (കൊച്ചുചക്കരച്ചി)

   കവിതയിലെ മാധുര്യത്തിന് കാരണമായി ലേഖകൻ ചൂണ്ടിക്കാണിക്കുന്നത് എന്ത് ?

   - കവികൾ മാമ്പൂവ് ഒടിച്ച് കാമന്റെ കൈയ്യിൽ കൊടുത്തതുകൊണ്ട്.
   - 'അണ്ണാൻ പിറന്നാൾ' എന്ന മഹായജ്ഞം നടത്തിയിരുന്നതുകൊണ്ട്.
   - അപരിഷ്കൃതമട്ടുകൾ അറിയാത്തതുകൊണ്ട്.
   - മാവിനോടുള്ള പ്രേമം കവികളിലും ഉള്ളതുകൊണ്ട്.

Score

4. ''പത്രമില്ലാതെയുള്ള ഭരണത്തേക്കാൾ താൻ അഭിലഷിക്കുക, ഭരണമില്ലാതെ പത്രമുള്ള അവസ്ഥയാണ്.'' (ജഫേഴ്സൻ)

ഈ അഭിപ്രായത്തോട് യോജിച്ചു നിൽക്കുന്ന വസ്തുത ഏത് ?

- പത്രമുണ്ടായാൽ എല്ലാമായി.
- പത്രമുണ്ടായാൽ ഭരണം നീതിരഹിതമാകും.
- ഭരണം നന്നായാൽ പത്രങ്ങളുടെ ആവശ്യമില്ല.
- ഭരണത്തിനും പത്രത്തിനും തുല്യസ്ഥാനമാണ് ഉള്ളത്.

5. 'പോയ കാലത്തിൻ

മധുരങ്ങളിൽക്കൊതി-

യൂറുന്ന ശീലം

മറന്നു തുടങ്ങി ഞാൻ' (അമ്മയുടെ എഴുത്തുകൾ)

മാനസികാവസ്ഥയിൽ വന്ന ഈ മാറ്റത്തിന്റെ സാഹചര്യമായി കവി കാണുന്നത് എന്ത് ?

- അമ്മ ആദിമസംഗീതമായി ഇടയ്ക്കിടെ വന്നു മൂളുന്നത്.
- അമ്മ രക്തത്തിന്റെ ചൂടായി നിൽക്കുന്ന തന്മയും താളവും ആയത്.
- അമ്മയുമായുള്ള പൊക്കിൾക്കൊടി ബന്ധം അടർത്തിക്കളഞ്ഞത്.
- അമ്മ പിൻപേ പറക്കും കുളിർമയായത്.

**6 മുതൽ 8 വരെ ചോദ്യങ്ങളിൽ 2 എണ്ണത്തിന് ഉത്തരമെഴുതുക. ( രണ്ടോ മൂന്നോ വാക്യം)** **2x2=4**

6. അർത്ഥവ്യത്യാസം വരാതെ ഒറ്റവാക്യമാക്കി എഴുതുക.

മത്തായിയുടെ വീട്ടിൽ സകല വായും അടച്ചുപൂട്ടി മുദ്രവെച്ചിരിക്കുകയാണ്. ഒരക്ഷരം ആരും മിണ്ടുന്നില്ല.

7. അന്നത്തെ <u>സൂചിപ്രയോഗത്തിൻ നീറ്റൽപോ -</u>

<u>ലൊന്ന്</u> മനസ്സിലൂടപ്പോൾ കടന്നു പോയ് . (അമ്മത്തൊട്ടിൽ)

അടിവരയിട്ട കാവ്യഭാഗം നൽകുന്ന സവിശേഷ അർത്ഥം എന്ത് ?

8. 'സത്യം കണ്ടുപിടിക്കാൻ പല അടവുകളും നോക്കേണ്ടി വരും;

ഗുണിക്കൽ, ഹരിക്കൽ, അഭ്യൂഹം, ഭാവന തുടങ്ങി പലതും.' (പത്രനീതി)

പത്രത്തെക്കുറിച്ചുള്ള സുകുമാർ അഴീക്കോടിന്റെ വാക്കുകൾ നൽകുന്ന രണ്ട് സൂചന എഴുതുക.

Score

9 മുതൽ 14 വരെ ചോദ്യങ്ങളിൽ 5 എണ്ണത്തിന് ഉത്തരമെഴുതുക. (അരപ്പുറം വീതം) 5x4=20

9. 'ഭർത്താവിനെ ഊട്ടാൻ ശ്രമിക്കുന്ന ഭാര്യയേയും ഭാര്യയെ കരുതലോടെ പരിഗണിക്കുന്ന ഭർത്താവിനേയും പ്ലാവിലക്കഞ്ഞിയിൽ കാണാം.'

ഉചിതമായ കഥാസന്ദർഭങ്ങൾ കണ്ടെത്തി പ്രസ്താവന വിശകലനം ചെയ്യുക.

10. 'മനുഷ്യജീവിതത്തിൽ 'അമ്മ', 'തൊട്ടിൽ' എന്നീ പദങ്ങൾ ഉണർത്തുന്ന വൈകാരികതയ്ക്ക് വിരുദ്ധമാണ് 'അമ്മത്തൊട്ടിൽ' എന്ന ശീർഷകം'. കവിത വിശകലനം ചെയ്ത് നിങ്ങളുടെ അഭിപ്രായം സമർത്ഥിക്കുക.

11. വീടുകളിലേക്ക് തിരിച്ചുപോകുമ്പോൾ

ഓർക്കുക: മനുഷ്യന്

മനുഷ്യനാകാൻ വേണം

പുഴ, മല, വനം, വയൽ

ഭൂമിയുടെ ശാശ്വതമായ മൈത്രി (പ്രളയാവസാനം - സച്ചിദാനന്ദൻ)

സച്ചിദാനന്ദന്റെ വരികളിലെ പരിസ്ഥിതിയെക്കുറിച്ചുള്ള കാഴ്ചപ്പാടാണോ കൊച്ചുചക്കരച്ചിയിൽ ആവിഷ്കരിച്ചിരിക്കുന്നത് ? പ്രതികരണക്കുറിപ്പ് തയ്യാറാക്കുക.

12. ആരുതേടും ? നാളെ നമ്മുടെ കുട്ടികൾ-

ക്കോർക്കാനുമമ്മയെ വേണ്ടായിരിക്കുമോ ? (അമ്മയുടെ എഴുത്തുകൾ)

കവിയുടെ ചോദ്യത്തിന്റെ പൊരുൾ കണ്ടെത്തി വിശദീകരിക്കുക.

13. ''നിർബന്ധിച്ച് അമ്മയെ ഒരിക്കലും നഗരത്തിലേക്കു വിളിക്കരുത്. വിളിച്ചാൽ വരുമായിരിക്കും പക്ഷെ, തിരിച്ചു പോകേണ്ട ചിന്തയിലായിരിക്കും എന്നും അമ്മ.''

(ഓരോവിളിയും കാത്ത്)

കഥയിൽ, അച്ഛനും അമ്മയും തമ്മിലുള്ള ആത്മബന്ധം മനസ്സിലാക്കാൻ മകന് കഴിയുന്നുണ്ടോ? വിലയിരുത്തി കുറിപ്പ് തയ്യാറാക്കുക.

14. ''കാരൂർ കഥകളിൽ ഒന്നാകെ വ്യാപിച്ചു കിടക്കുന്ന ശ്രദ്ധേയമായ ഒരു ധർമ്മമുണ്ട് - നർമപ്രകാശം. ഓർക്കും തോറും കൂടുതൽ വിരിയാവുന്ന മന്ദഹാസവും ഇടയ്ക്കൊക്കെ പൊട്ടിച്ചിരിയും ഉളവാകുന്ന കല്പനകളും കഥയുടെ ഭാവശില്പത്തെ കനം വെപ്പിക്കുന്നു.

(എം. അച്യുതൻ)

കോഴിയും കിഴവിയും എന്ന കഥയിൽ നർമത്തിന് പ്രാധാന്യമുള്ള സന്ദർഭങ്ങൾ വിശകലനം ചെയ്ത് പ്രസ്താവന സാധൂകരിക്കുക.

Score

15 മുതൽ 17 വരെ ചോദ്യങ്ങളിൽ 2 എണ്ണത്തിന് ഉത്തരമെഴുതുക. (ഒരു പുറം വീതം) 2x6=12

15. 'കേരളത്തിന്റെ സുന്ദരപ്രകൃതിയും സംസ്കാരവും അതോടൊപ്പം വളർന്നു വന്ന സാഹിത്യവുമാണ് വൈലോപ്പിള്ളിക്കവിതയുടെ ഈടുവെപ്പുകൾ'
ഈ നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ, 'ഓണമുറ്റത്ത് ' എന്ന കവിതയിലെ ആശയം ഉൾക്കൊള്ളിച്ച് 'വൈലോപ്പിള്ളിക്കവിതയിലെ കേരളീയത' എന്ന വിഷയത്തിൽ ഉപന്യാസം തയ്യാറാക്കുക.

16. 'പണയം എന്ന കഥയിൽ നായക കഥാപാത്രമായ ചാക്കുണ്ണിയെ കൂടുതൽ തിളക്കമുള്ളതാക്കുന്നത് ചെമ്പുമത്തായിയാണ്. രണ്ട് ധ്രുവങ്ങളിൽ നിൽക്കുന്ന കഥാപാത്രങ്ങളാണ് അവർ'
പ്രസ്താവന വിശകലനം ചെയ്ത് 'ചെമ്പുമത്തായി', 'ചാക്കുണ്ണി' എന്നീ കഥാപാത്രങ്ങളെ താരതമ്യം ചെയ്യുക.

17. എല്ലാ മതങ്ങളുടെയും ഉദ്ദേശ്യം ഒന്നു തന്നെ. നദികൾ സമുദ്രത്തിൽ ചേർന്നാൽ പിന്നെ തിരക്കുഴിയെന്നും നടുക്കടലെന്നും ഉണ്ടോ ?

(സ. വി. കുഞ്ഞിരാമനും നാരായണഗുരുവും തമ്മിലുള്ള സംവാദത്തിൽ നിന്ന്)

'പേരും നാടും തൊഴിലും മാത്രമേ ചോദിക്കേണ്ടതുള്ളൂ. ആരു നീ എന്ന് ആരോടും ചോദിക്കേണ്ടതില്ല. കാരണം ശരീരം കണ്ടാൽ തന്നെ മനുഷ്യനാണെന്ന് തിരിച്ചറിയും'

(ജാതിലക്ഷണം - ശ്രീനാരായണഗുരു)

കുറ്റിപ്പുഴ കൃഷ്ണപിള്ളയുടെ ലേഖനത്തിന്റെ അടിസ്ഥാനത്തിൽ തന്നിട്ടുള്ള ആശയം കൂടി പരിഗണിച്ച് 'ഗുരുദർശനങ്ങളും ഏക ലോക സങ്കല്പവും' എന്ന ശീർഷകത്തിൽ പ്രഭാഷണം തയ്യാറാക്കുക.

- o O o -